പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5870. 02.07.2019 ൽ മറുപടിയ്ക്ക്

## ആദിവാസി ഊരുകളിലെ വിമുക്തി മിഷൻ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസികളുടെ ഇടയിൽ മദ്യ ഉപഭോഗം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആദിവാസി ഊരുകളിൽ കുടുംബശ്രീ മുഖേന ലഹരി വിമുക്തി മിഷൻ പ്രവർത്തനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ആദിവാസികളുടെ ഇടയിൽ മദ്യത്തിന്റെ ഉപഭോഗം ഉള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ എക്സൈസ് വകുപ്പ് ജനമൈത്രി സ്ക്വാഡുകൾ രൂപീകരിച്ച് മിക്ക മേഖലകളിലും കുടുംബശ്രീ പ്രവർത്തകരുടെ സഹായത്താൽ ബോധവത്കരണ ആശയങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ഊരുകളിൽ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനായി ഊരുകൾ ദത്തെടുക്കൽ, സ്പോർട്ട്സ് കിറ്റ് വിതരണം, ഗ്രന്ഥശാലകൾ രൂപീകരിക്കൽ, ബോധവത്കരണ ക്ലാസ്സുകൾ നൽകൽ എന്നിവയിലൂടെ മേഖലയിൽ തൊഴിൽ പരമായും കായികമായും ഉദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബോധവത്കരണത്തിലൂടെ മദ്യത്തിന്റെ |

| | | | |
|---|---|---|---|
| | | | ദൂഷ്യവശങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള പ്രവർത്തനങ്ങളും വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്. |
| (സി) | ഇതുമൂലം പ്രസ്തുത മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം എന്താണെന്ന് അറിയിക്കുമോ? | | ഇതുമൂലം ആദിവാസി വിഭാഗങ്ങൾക്കിടയിലെ പഠനം പാതിവഴിയിലുപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാലയങ്ങളിൽ തിരികെ എത്തിക്കുവാനും തദ്വാരാ അവർ ലഹരി ഉപയോഗത്തിലേയ്ക്കോ മറ്റ് സാമൂഹ്യ വിരുദ്ധ നടപടികളിലേയ്ക്കോ പോകാതെ സംരക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 74 വിദ്യാർത്ഥികളെ ഇപ്രകാരം വിദ്യാലയങ്ങളിൽ തിരികെയെത്തിക്കാൻ സാധിച്ചിട്ടുണ്ട്. അതിശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയതിന്റെ ഫലമായി ഈ മേഖലയിലെ മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് സാധിച്ചിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**